വയനാട് ജില്ലയ്ക്കായി പ്രത്യേക പാക്കേജ്

26 (*206) ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. കൃഷ്ണ പ്രസാദ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുത്തുന്നതിനായി വയനാട് ജില്ലയ്ക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പാക്കേജിന്റെ വിശദാംശം നൽകുമോ ;

(സി) എത്ര കോടി രൂപയുടെ പാക്കേജാണ് സമർപ്പിച്ചിട്ടുള്ളത് ;

(ഡി) ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു ; പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) രാജ്യത്ത് ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്നതും പിന്നോക്ക അവസ്ഥയുള്ളതുമായ 90 ജില്ലകളെ തെരഞ്ഞെടുത്ത് ഈ ജില്ലകളുടെ സമഗ്ര വികസനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം പ്രകാരം കേരളത്തിൽനിന്നും വയനാട് ജില്ലയെ തെരഞ്ഞെടുക്കുകയും അതനുസരിച്ച് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുമുണ്ട്.

(ബി) മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം പദ്ധതിയിൽ ഉൾപ്പെട്ട ജില്ലകളിൽ നടത്തിയ അടിസ്ഥാന സ്ഥിതിവിവര സർവ്വേയിൽ കണ്ടെത്തിയ 'വികസന വിടവുകൾ' നികത്തുന്നതിനുള്ള പദ്ധതികളാണ് ഈ പരിപാടിയിൽ കേന്ദ്ര സഹായത്തിനായി പരിഗണിക്കുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ദേശീയ ശരാശരിയിലേക്ക് ഉയർത്തിക്കൊണ്ടുവരിക എന്നതും പദ്ധതി ലക്ഷ്യമിടുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം, ശുചിത്വ പരിപാലനം, വാസയോഗ്യമായ വീട്, കുടിവെള്ളം, വൈദ്യുതി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ആസ്തികളുടെ നിർമ്മാണം, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വർക്കായുള്ള വരുമാനദായ പ്രവൃത്തികൾ തുടങ്ങിയവയ്ക്കാണ് പദ്ധതിയിൽ പ്രാമുഖ്യം നൽകുന്നത്. 2009-2012 ആണ്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ഈ പദ്ധതി പ്രകാരം കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട വയനാട് ജില്ലയുടെ

LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര വികസനത്തിനായി വിവിധ മേഖലകളിലായി (കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, വിദ്യാഭ്യാസം, തൊഴിലും സ്ത്രീ ശാക്തീകരണവും പ്രാദേശിക വിജ്ഞാന കേന്ദ്രങ്ങളുടെ നിർമ്മാണം, അറവുശാല നവീകരണം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ളം) പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

(സി) 2481 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

(ഡി) കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളിൽ 10 ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള 180 ലക്ഷം (85:15 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി, ജില്ലയിലെ 23 സ്കൂളുകളിലായി 38 ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുമായുള്ള 349.98 ലക്ഷം (65:35 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി, ജില്ലയിലെ ന്യൂനപക്ഷ ആധിക്യമുള്ള മൂന്നു വില്ലേജുകളിൽ കുടിവെള്ളത്തിനുള്ള 1380 ലക്ഷം (75:25 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി എന്നീ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഈ പദ്ധതികൾക്ക് യഥാക്രമം 76.50 ലക്ഷം രൂപയും 113.74 ലക്ഷം രൂപയും 517.5 ലക്ഷം രൂപയും ആദ്യഗഡുവായി ലഭിച്ചിട്ടുണ്ട്. കൂടാതെ മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിനുള്ള ലബോറട്ടറി സൗകര്യങ്ങൾക്കുള്ള 75 ലക്ഷം (മുഴുവൻ തുകയും കേന്ദ്ര വിഹിതം) രൂപയുടെ പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

(ഇ) നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാക്കിക്കൊണ്ട് ഉത്തരവ്

27 (*207) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്കും ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത നടപടി പുനഃപരിശോധിക്കണമെന്ന നിർദ്ദേശം പരിഗണിക്കുകയുണ്ടായോ ; എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിച്ചുവോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly